പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ. 1292

20.01.2014 ൽ
മറുപടി നൽകേണ്ടിയിരുന്നത്

## ഖനനാനുമതിയുടെ നിബന്ധനകൾ

| ചോദ്യം<br>ശ്രീമതി.കെ.കെ.ലതിക : | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | പാറ, മണൽ, ചെങ്കല്ല് മുതലായവയുടെ ഖനനത്തിന് റവന്യു വകുപ്പ് അനുമതി നൽകുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ ; | (എ) | പാറ ഖനനത്തിന് ബന്ധപ്പെട്ട താലൂക്കിൽ നിന്നും റവന്യു വകുപ്പ് താൽക്കാലിക പെർമിറ്റ് നൽകുന്നത് 25 ക്യുബിക് മീറ്ററിനാണ്. കേരള ഭൂ സംരക്ഷണ ചട്ടങ്ങൾ പ്രകാരം 6 മാസം വരെ മാത്രമാണ് ഖനനത്തിന് അനുമതി നൽകുവാൻ ബന്ധപ്പെട്ട തഹസീൽദാർക്ക് അധികാരമുള്ളതായി വ്യവസ്ഥ ചെയ്തിട്ടുള്ളത്. പ്രത്യേക സാഹചര്യത്തിൽ ചട്ടം 25 പ്രകാരം വീണ്ടും ഒരു ആറുമാസ കാലയളവിലേക്ക് കൂടി അനുമതി നീട്ടാം. 2001 ലെ കേരള നദീ തീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമവും 2002 ലെ അനുബന്ധ ചട്ടങ്ങൾക്കും വിധേയമായി മണൽ ഖനനത്തിന് അനുമതി നൽകി വരുന്നു. |
| (ബി) | അനുമതി നൽകുന്നില്ലെങ്കിൽ അനുമതി നൽകേണ്ട വകുപ്പിൽ സമർപ്പിക്കുന്നതിന് എന്തെല്ലാം രേഖകളാണ് റവന്യു വകുപ്പ് ഖനനാനുമതി സംബന്ധിച്ച് നൽകുന്നത് എന്ന് വ്യക്തമാക്കുമോ ; | **(ബി)** | പാറഖനനത്തിനായി ജില്ലാ കളക്ടറുടെ നിരാക്ഷേപപത്രം റവന്യു വകുപ്പിൽ നിന്നും നൽകി വരുന്നു. SRO 225/2010 പ്രകാരം 2010 ലെ കേരള മൈനർ മിനറൽ കൺസഷൻ (ഭേദഗതി) ചട്ടങ്ങൾ സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ചട്ടങ്ങളും അനുബന്ധമായുള്ള 1-ാം പട്ടികയിലെ 2-ാം ഐറ്റം എല്ലാ |

ചെറുധാതുക്കൾക്കും ജില്ലാ കളക്ടറുടെ നിരാക്ഷേപ പത്രം നിർബന്ധമാണ്. ചട്ടങ്ങളിലെ 5 ഉം 21 ഉം വകുപ്പുകൾ പ്രകാരം തഹസീൽദാരിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ സർവ്വേ സ്കെച്ച് ആവശ്യമാണ്.

(സി) ഖനനാനുമതിക്കുള്ള അപേക്ഷയിൽ പരിസ്ഥിതി ആഘാതം സംബന്ധിച്ച പഠന റിപ്പോർട്ട് ഉൾക്കൊള്ളിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

(സി) ജി.ഒ.(എം.എസ്) നം.5/2014/ഐ.ഡി. തീയതി 10-01-2014 ഉത്തരവ് പ്രകാരം കുറഞ്ഞ കാലയളവിലേക്ക് ഖനനാനുമതി ക്ക് പരിസ്ഥിതി ക്ലിയറൻസ് ആവശ്യമില്ലായെന്ന് പരാമർശിച്ച് ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ